LIGHTED TO LIGHTEN

# സെഹിയോൻ

## ബുള്ളറ്റിൻ

2025 ജനുവരി • ഫെബ്രുവരി • മാർച്ച്




**സെഹിയോൻ മാർത്തോമ്മാ ഇടവക**

ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135

Rev. Thomas Mathew, Mob: 9745153653

www.amalloorsehionmtc.org

| ആരാധനാ സഹായ ക്രമീകരണങ്ങൾ – പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ | | | |
|---|---|---|---|
| മാസം | തീയതി | ദിവസം | പ്രാർത്ഥനാ ഗ്രൂപ്പ് / സംഘടന |
| ജനുവരി | 05 | ഞായർ | ഇടവകമിഷൻ |
| | 12 | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| | 19 | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| | 26 | ഞായർ | സേവികാസംഘം |
| ഫെബ്രുവരി | 02 | ഞായർ | സൺഡേസ്കൂൾ |
| | 09 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| | 16 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| | 23 | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| മാർച്ച് | 2 | ഞായർ | ഗായകസംഘം |
| | 9 | ഞായർ | സൺഡേസ്കൂൾ |
| | 16 | ഞായർ | യുവജനസഖ്യം |
| | 23 | ഞായർ | ഇടവകമിഷൻ |
| | 30 | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |

| ഞായറാഴ്ചകളിലെ പാഠം വായനാഭാഗങ്ങൾ | | | | |
|---|---|---|---|---|
| തീയതി | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
| 2025 ജനുവരി | | | | |
| 05 ഞായർ | പുറ. 3:1-7 | അ.പ്ര. 16:6-15 | റോമ 10:9-17 | വി.ലൂക്കൊ. 10:1-11 |
| 12 ഞായർ | മീഖാ 4:1-7 | റോമ 5:1-11 | എഫെ. 2:11-19 | വി. മത്താ. 5:1-9 |
| 19 ഞായർ | സെഖ. 8:18-23 | 1 കൊരി. 1:1018 | കൊലോ. 3:9-17 | വി. യോഹ. 17:13-23 |
| 26 ഞായർ | ആമോ. 5:18-27 | 1 പത്രൊ. 3:14-18 | കൊലോ. 4:2-6 | വി.ലൂക്കൊ. 3:7-14 |
| 2025 ഫെബ്രുവരി | | | | |
| 02 ഞായർ | 2 രാജാ. 20:1-11 | എബ്രാ. 9:11-14 | യാക്കോ. 5:13-18 | വി. മർക്കോ. 5:25-34 |
| 09 ഞായർ | യെശ. 40:12-26 | റോമ. 8:19-25 | കൊലോ. 1:15-20 | വി. മത്താ. 6:26-30 |
| 16 ഞായർ | യെശ. 11:1-9 | എഫെ. 3:16-21 | 1 കൊരി. 1:4-9 | വി. യോഹ. 4:4-15 |
| 23 ഞായർ | യെഹ. 36:24-31 | എഫെ. 4:17-24 | 1 പത്രൊ. 2:1-10 | വി.ലൂക്കൊ. 19:1-10 |
| 2025 മാർച്ച് | | | | |
| 02 ഞായർ | ആവ. 30:1-10 | വെളിപ്പാട് 21:1-8 | റോമ. 12:1-3 | വി. യോഹ. 2:1-11 |
| 09 ഞായർ | യിര. 33:6-11 | ഫിലേ. 8-21 | യാക്കോ. 4:7-10 | വി. മർക്കോ. 1:40-45 |
| 16 ഞായർ | 2 രാജാ. 5:1-14 | അ.പ്ര. 16:16-18 | റോമ. 5:6-11 | വി. മർക്കോ. 2:1-12 |
| 23 ഞായർ | ഹോശേ. 2:14-23 | അ.പ്ര. 5:12-16 | 1 കൊരി. 1:18-25 | വി. മത്താ. 15:21-28 |
| 30 ഞായർ | യെശ. 66:12-15 | റോമ. 3:23-31 | 1 പത്രൊ. 1:18-25 | വി.ലൂക്കൊ. 13:10-17 |

LIGHTED TO LIGHTEN

# ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ജനുവരി ▸ ഫെബ്രുവരി ▸ മാർച്ച്

2025




# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

പ്രശ്നപങ്കിലമായ ഒരു വർഷം നമ്മെ വിട്ടുപോയി. വിജയ പരാജയത്തിന്റെയും, സന്തോഷ സന്താപങ്ങളുടെയും, നന്മ തിന്മകളുടെയും, വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും നമ്മുടെ ജീവിതത്തിൽ കടന്നു പോയി. കടന്നുപോയി എന്ന് പറയുന്നതിനേക്കാൾ ദൈവം നമ്മെ കൈപിടിച്ച് കടത്തിക്കൊണ്ടുപോയി എന്നതാണ് സത്യം. തിരിഞ്ഞു നോക്കുമ്പോൾ സ്തോത്രം ചെയ്യുവാൻ ഏറെയുണ്ട്. യുദ്ധങ്ങൾ, കലാപങ്ങൾ, വർഗ്ഗീയതകൾ, പ്രകൃതി ദുരന്തങ്ങൾ, കൊലപാതങ്ങൾ അങ്ങനെ എത്രയോ ഭീതിപ്പെടുത്തുന്ന സംഭവങ്ങൾക്ക് നാം സാക്ഷികളായി. അമേരിക്കയും ഐക്യ രാഷ്ട്ര സഭയും സമാധാന ശ്രമങ്ങൾ നടത്തി വരുന്നെങ്കിലും ഇന്ന് സമാധാനം ഒരു മരീചികയായി തീർന്നിരിക്കുന്നു.

ലോകത്തിന്റെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യാ മഹാരാജ്യം സമാധാനം അനുഭവിക്കുന്നുണ്ടോ? കാഷ്മീർ മനുഷ്യാവകാശ ലംഘനങ്ങൾ, ആസാം ദേശീയവാദം, മണിപ്പൂർ ആഭ്യന്തരപ്രശ്നങ്ങൾ, മിസോറം നാഗാലാൻഡ് ജനതയുടെ പോരാട്ടം, തെലുങ്കാന സമരം, ആദിവാസി സമരങ്ങൾ, ന്യൂനപക്ഷങ്ങളുടെ അവകാശ പോരാട്ടങ്ങൾ, രാഷ്ട്രീയ പകപോക്കലുകൾ, മതവിദ്വേഷങ്ങൾ, ഹിന്ദുത്വവാദം, ലഹരി ആസക്തികൾ, കാലാവസ്ഥ വ്യതിയാനങ്ങൾ ഇങ്ങനെ അസമാധാനം ഉളവാക്കിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളുടെ പട്ടിക നീണ്ടുപോകുന്നു. ഇതിന്റെ മധ്യത്തിൽ ഇത്തിരി പ്രതീക്ഷയോടെ നാം 2025 –ലേക്ക് പ്രവേശിച്ചു. പ്രതീക്ഷയ്ക്ക് അപ്പുറമായി പ്രവർത്തിക്കാൻ കഴിയുന്ന വലിയവനായ ദൈവം നമ്മോട് കൂടെ ഉണ്ട്. ആ ദൈവകരങ്ങളിൽ നമുക്ക് ആശ്രയിക്കാം.

2025 ജനുവരി 9 വ്യാഴം മുതൽ 12 ഞായർ വരെ തിരുവല്ല സെന്റ് തോമസ് പള്ളിയിൽ വെച്ച് നിരണം മാരാമൺ ഭദ്രാസന കൺവൻഷൻ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. 130–ാമത് ലോകപ്രശസ്ത മാരാമൺ കൺവൻഷൻ 2025 ഫെബ്രുവരി 9 മുതൽ 16 വരെ നടത്തപ്പെടുന്നു. ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്തുവരുന്നു എങ്കിലും ക്രമപരിപാലനത്തിന് ഇതുവരെ ഒരു പോലീസുകാരെയും അനുവദിച്ചിട്ടില്ല എന്നത് ഏറെ ശ്രദ്ധേയമാണ്.

ഫെബ്രുവരി 10–ാം തീയതി മുതൽ 13–ാം തീയതി വരെ മൂന്നു നോമ്പ് കാലങ്ങളാണ്. മാർച്ച് 2 മുതൽ വലിയനോമ്പ് (50 നോമ്പ്) ആരംഭിക്കും. മാർച്ച് 26–ാം തീയതി ബുധനാഴ്ച മുതൽ പകുതി നോമ്പ് ആരംഭിക്കുന്നു. അന്നുമുതൽ വൈകിട്ട് സന്ധ്യാ ആരാധന പള്ളിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. വലിയ നോമ്പ് വീടൽ ഏപ്രിൽ

20-ാം തീയതിയാണ്. വിവിധ സഭകളിൽ വ്യത്യസ്ഥ രീതിയിലാണ് നോമ്പ് ആരംഭിക്കുന്നത്. പാശ്ചാത്യ സഭയായ ലത്തീൻ സഭ / റോമൻ കത്തോലിക്ക സഭയിൽ നോമ്പ് ആരംഭിക്കുന്നത് നെറ്റിയിൽ ചാരം പൂശിയാണ്. അനുതാപത്തിന്റെ ബാഹ്യമായ അടയാളമാണിത്. 'മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിൽ നിന്നും വന്നു. മണ്ണിലേക്ക് തന്നെ 'എന്ന വാചകം ഉപയോഗിച്ചാണ് നെറ്റിയിൽ ചാരം പൂശുന്നത്. പൗരസ്ത്യ സഭകൾ ആന്തരീക ഭാവത്തിനാണ് പ്രാധാന്യം നൽകുന്നത്. (മത്തായി 6:16-18). മാർത്തോമ്മാ വിശ്വാസികളുടെ ഉപവാസം കേവലം വിലാപം അല്ല ദൈവത്തോട് കൂടെ വസിക്കലാണ്. ഉദയംപേരൂരിൽ നടത്തപ്പെട്ട സുന്നഹദോസാണ് ചാര ബുധൻ (Ash Wednesday) സഭയിൽ കൊണ്ടുവന്നത്. പോർച്ചുഗീസുകാർ ഈ ആചാരം മലങ്കര സഭയിൽ ബലമായി അടിച്ചേൽപ്പിക്കുകയായിരുന്നു. ലത്തീൻ സഭകളിൽ വലിയ നോമ്പ് ബുധനാഴ്ച ആരംഭിക്കുന്നു. എന്നാൽ പൗരസ്ത്യ സഭകളിൽ / സുറിയാനി പാരമ്പര്യമുള്ള സഭകളിൽ തിങ്കളാഴ്ചയാണ് നോമ്പ് ആരംഭിക്കുന്നത്.

കർത്താവ് ഉപവസിച്ച 40 ദിവസം അവസാനിക്കുന്നത് 40-ാം വെള്ളിയാഴ്ചയാണ്. പിറ്റേദിവസം ലാസറിന്റെ ശനി എന്ന് പറയപ്പെടുന്നു. അന്ന് മുതൽ ദുഃഖശനി വരെ പീഡാനുഭവ ധ്യാനം ആണ്. ആ ദിവസങ്ങളിലും നോമ്പ് ആചരിക്കുന്നു. ഇതോടുകൂടെ നോമ്പാരംഭത്തിന്റ തലേ ഞായാറഴ്ചയായ കൊത്തിനെ ഞായറും (പേത്രത്തോ), ഉയിർപ്പ് ഞായറും കൂടെ ചേർന്ന് 50 ദിവസം വലിയ നോമ്പ് ആചരിക്കുന്നു.

നോമ്പുകളുടെ പാരമ്പര്യം പരിശോധിച്ചാൽ ക്രിസ്തീയ സമൂഹത്തിന് ആണ്ടിൽ 225 ദിവസം നോമ്പ് ദിനങ്ങളാണ്. വർഷത്തിൽ ഇത്രയും നോമ്പ് ആചരിക്കുന്ന മറ്റൊരു സമൂഹവും ലോകത്ത് ഇല്ല എന്ന് പറയാം. കൂടുതൽ പ്രാർത്ഥനയിൽ വ്യാപാരിക്കുവാനും, മാനസ്സീക ശാരീരിക അച്ചടക്കത്തിനുമായി സ്വയം പ്രേരിതമായ ജീവിതചര്യയിൽ ഭാര്യാഭർത്താക്കന്മാർ പോലും കിടക്കകളിൽ അകലം പാലിച്ചിരുന്നു. നസ്രാണികളെ സംബന്ധിച്ച് നോമ്പ് വെറും ഇറച്ചിയുടെയും മീനിന്റെയും ഉപേക്ഷിക്കൽ മാത്രമായിരുന്നില്ല. ദൈവത്തോടുള്ള കൂട്ടായ്മ ആയിരുന്നു. വൈകുന്നേരത്തെ നമസ്കാരശേഷം ഒരു നേരത്തെ ഭക്ഷണം മാത്രമായിരുന്നു പഴയ കാലത്ത്. അതും വളരെ കുറച്ച് അളവിൽ. കുഞ്ഞുങ്ങൾ പോലും അക്കാലത്ത് ഭവനങ്ങളിൽ നിശബ്ദത പാലിക്കണമായിരുന്നു. പള്ളിക്ക് അടുത്ത് താമസിക്കുന്നവർ യാമ പ്രാർത്ഥനകൾക്ക് ശേഷം ധ്യാനത്തിന് പള്ളിയിൽ ദീർഘനേരം കഴിഞ്ഞിരുന്നു. എന്ത് ആചരണം ഉണ്ടായാലും സ്നേഹം കൂടാതെയാണ് ഒരുവൻ നോമ്പ് നോക്കുന്നത് എങ്കിൽ അവന്റെ നോമ്പ് വ്യർത്ഥമാകുന്നു. നമ്മുടെ നോമ്പ് പ്രാർത്ഥനയുടെ ചിറക് സ്നേഹമാണ്. പ്രാർത്ഥനയ്ക്ക് ചിറകില്ല എങ്കിൽ അത് ദൈവസന്നിധിയിലേക്ക് ഉയരില്ല. ഉയരത്തിലേക്ക് / കർത്താവിന്റെ സന്നിധിയിലേക്ക് പ്രാർത്ഥന പ്രവേശിക്കുകയില്ല എന്നത് ഓർക്കണം.

1910 -ൽ തീത്തൂസ് II ന്റെ കാലത്ത് മാർത്തോമ്മാ സഭയുടെ ഭരണഘടന നിലവിൽ വന്ന നാൾ മുതൽ നോമ്പും മോറാനായ പെരുന്നാളും മാറ്റപ്പെട്ടുവാൻ പാടില്ല എന്ന് രേഖപ്പെടുത്തിയിരുന്നു. 25 നോമ്പ്, 3 നോമ്പ്, 50 നോമ്പ്, ശ്ലീഹാ നോമ്പ്, പതിനഞ്ച് നോമ്പ് എന്നീ അഞ്ച് നോമ്പുകൾ മാർത്തോമ്മാ സഭ ആചരിക്കുന്നു. വിശുദ്ധ കന്യകമറിയാമിന്റെ വിശുദ്ധ വിശ്വാസ ജീവിതത്തെയും ദൈവ ഇഷ്ടത്തിന് സ്വയം സമർപ്പിച്ച അനുഭവത്തെയും പോലെ ദൈവ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുന്ന നാളുകളാണ് 15 നോമ്പ്. എന്നാൽ കന്യകാമറിയത്തോട് പ്രാർത്ഥിക്കുകയോ മദ്ധ്യസ്ഥത ചെയ്യുകയോ അല്ല നാം ചെയ്യുന്നത്. 15 നോമ്പിന്റെ ആരംഭ ദിവസം കൈതയിൽ ഗീവർഗീസ് മല്പാനും 15 നോമ്പ് അവസാനിക്കുന്ന ദിവസം ഏബ്രഹാം മല്പാനും നവീകരിച്ച തക്സ ഉപയോഗിച്ച് കുർബ്ബാന ചൊല്ലി.

**കാർബൺ നോമ്പ് :**

ഈ വർഷത്തെ വലിയനോമ്പ് കാർബൺ നോമ്പ് കാലമായി ആചരിക്കുന്നതിന് സഭ തീരുമാനിച്ചു. കാർബൺ പുറന്തള്ളൽ പ്രകൃതിക്ക് ഉണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ച് ചിന്തിക്കുന്ന 7 ആഴ്ചകൾ. ഇത്തരത്തിൽ ഒരു നോമ്പ് കാലം ആദ്യമായാണ് നമ്മുടെ സഭയിൽ ആചരിക്കുന്നത്. പരിസ്ഥിതിയെ മറന്നുള്ള ആത്മീയതയ്ക്ക് പ്രസക്തി ഇല്ലെന്ന സന്ദേശമാണ് ഈ വർഷം നോമ്പാചരണത്തിലൂടെ സഭ പ്രഖ്യാപിക്കുന്നത്. കാർബൺ പുറംതള്ളലിലേക്ക് പ്രത്യക്ഷമായും പരോക്ഷമായും നയിക്കുന്ന വിഷയങ്ങൾ പരിചയപ്പെടുത്തുന്ന 7 ആഴ്ചകൾ കൂടാതെ ഓരോ ദിവസവും രാത്രി 8.30 മുതൽ 10 വരെ സൂം പ്ലാറ്റ് ഫോമിൽ ക്ലാസ്സുകളും ബോധവത്കരണങ്ങളും നടത്തുന്നു. മാത്യൂസ് മാർ സെറാഫിം എപ്പിസ്ക്കോപ്പാ ചെയർമാനും റവ. ഡോ. വി.എം. മാത്യു കൺവീനറും ആയ പരിസ്ഥിതി കമ്മീഷൻ ഇതിന് നേതൃത്വം നൽകുന്നു.

**1–ാം ആഴ്ച – കാലാവസ്ഥാ മാറ്റം കൊണ്ടുണ്ടായ ഭവിഷ്യത്തുകൾ**

**2–ാം ആഴ്ച – വൈദ്യുതിയുടെ വിവേകപൂർണ്ണമായ ഉപയോഗം**

**3–ാം ആഴ്ച –അമിതാഹാരം,ഫാസ്റ്റ് ഫുഡ് എന്നിവയ്ക്ക് എതിരായ ബോധവത്കരണം**

**4–ാം ആഴ്ച– മിതവ്യയം ശീലിക്കുക, അനാവശ്യമായി വാങ്ങി കൂട്ടുന്നതിനെതിരെ ബോധവത്കരണം**

**5–ാം ആഴ്ച – പ്ലാസ്റ്റിക് വിപത്തിനെ തിരിച്ചറിയുക**

**6–ാം ആഴ്ച – സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറച്ച് പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുക**

**7–ാം ആഴ്ച – സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗം കുറച്ച് നേരിട്ട് സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക**

**ഈ ക്ലാസുകൾ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുക.**

2024 –2025 വർഷത്തെ പ്രവർത്തനം പര്യവസാനിക്കുന്ന കാലമാണല്ലോ. ഇടവകയുടെ സാമ്പത്തിക വളർച്ച ഇടവക ജനങ്ങളുടെ സാമ്പത്തിക വളർച്ചയെ ആശ്രയിച്ചിരിക്കും. ദൈവം നമുക്ക് നന്മകൾ തരുമ്പോൾ ദൈവാലയത്തിന്റെ സാമ്പത്തിക വളർച്ചയും അനുഗ്രഹിക്കപ്പെടേണ്ടത് ആവശ്യമാണ്. അതിനായി സഹായിക്കുന്ന ഏവർക്കും നന്ദി. ഒരു മാസത്തെ ഇടവക ചെലവിന് തുല്യമായ തുക മാസവരിയായി ലഭിക്കുന്നില്ല എന്ന സത്യം ഏവരും അറിയണം. ചോദിക്കാതെ തന്നെ മാസവരി വർദ്ധനവ് വരുത്തിയവർക്ക് പ്രത്യേക നന്ദി അറിയിക്കുന്നു. ബാക്കി ഉള്ളവർ കൂടി അതിനായി ശ്രമിക്കണമേ. നിർബന്ധം അല്ല എന്നാൽ ദൈവം തന്നതിന് ഒത്തവണ്ണം നമ്മുടെ വിഹിതവും വ്യത്യാസപ്പെടുത്തുക. ഇടവക ജനങ്ങൾ പരസ്പരം സ്നേഹിക്കുക, കരുതുക, സഹായിക്കുക. നമുക്ക് ഒന്നിച്ച് ദേശത്തിന് സാക്ഷിയായി നിൽക്കാം.

സ്നേഹത്തോടെയും പ്രാർത്ഥനയോടെയും കത്തിന് സമാപനം കുറിക്കുന്നു.

കർത്തൃശുശ്രൂഷയിൽ

**ജോസിയച്ചൻ**

# ഇടവക വാർത്തകൾ

## ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം :

കുടുംബ പ്രതിഷ്ഠാ ദിനമായി ആചരിച്ച ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്കും കുടുംബ ദിന പ്രതിഷ്ഠാ ശുശ്രൂഷയ്ക്കും റവ. സഖറിയ ജോൺ നേതൃത്വം നൽകി. ഈ ശുശ്രൂഷ കുടുംബബന്ധങ്ങളെ ദൃഢമാക്കുന്നതിനും കുടുംബമായി ദൈവസന്നിധിയിൽ നമ്മെത്തന്നെ സമർപ്പിക്കുന്നതിനുമുള്ള അവസരമായിത്തീർന്നു.

## ഇടവക കൺവൻഷൻ :

നവംബർ 8 & 9 (വെള്ളി & ശനി) തീയതികളിൽ വൈകിട്ട് 6 മണിക്ക് പള്ളിയിൽ ആരംഭിച്ച ഇടവക കൺവൻഷനിൽ ബ്രദർ സജു ജേക്കബ് അയിരൂർ വചന ശുശ്രൂഷ നടത്തി.

## 70–ാമത് ഇടവകദിനം:

നവംബർ മാസം 10-ാം തീയതി ഞായാറാഴ്ച രാവിലെ 8.30 ന് ആരംഭിച്ച ഇടവകദിന ശുശ്രൂഷയിൽ ഇടവകദിന ശുശ്രൂഷയ്ക്കും ആദ്യ കുർബ്ബാന ശുശ്രൂഷയ്ക്കും വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്കും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സീനിയർ വികാരി ജനറൽ വെരി. റവ. ഡോ. ഈശോ മാത്യു നേതൃത്വം നൽകി. ആരാധനമദ്ധ്യേ ഏകദിന വരുമാന സമർപ്പണവും ആരാധാനാന്തരം ഇടവകദിന പൊതുയോഗവും സ്നേഹ വിരുന്നും ഉണ്ടായിരുന്നു. ഇടവകദിന പൊതുയോഗമദ്ധ്യേ ഈ വർഷം 80 വർഷം പൂർത്തിയായ 4 പേരെ മെമെന്റോയും ഷാളും നൽകി ആദരിച്ചു. തദവസരത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയ ഒരു അംഗത്തിന് പിന്നീട് മെമെന്റോയും ഷാളും നൽകി ആദരിച്ചു.

## ആദ്യ കുർബ്ബാന ശുശ്രൂഷ:

മഠത്തിലേട്ട് അലൻ ജിനു ഫിലിപ്പ് ഇടവകദിനത്തിൽ വെരി റവ. ഡോ.ഈശോ മാത്യുവിൽ നിന്നും ആദ്യ കുർബ്ബാന സ്വീകരിക്കുകയും ആദ്യ കുർബ്ബാന ശുശ്രൂഷ സ്വീകരിച്ച കുട്ടിക്ക് ഇടവക വേദപുസ്തകവും സർട്ടിഫിക്കറ്റും നൽകുകയും ചെയ്തു.

## ആദ്യഫല സാധന ശേഖരണവും ലേലവും:

നവമ്പർ 17, ഡിസംബർ 1 , ഡിസംബർ 15 എന്നീ തീയതികളിൽ യഥാക്രമം 1, 2, 3 പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ആദ്യഫല സാധന ശേഖരണവും ലേലവും നടത്തപ്പെട്ടു.

## ഉമാപതി മിഷൻ ഫീൽഡ് വിസിറ്റ് :

നവംബർ 18 മുതൽ 22 വരെയുള്ള തീയതികളിൽ റവ. തോമസ് മാത്യു അച്ചന്റെയും റവ. കുരുവിള ഫിലിപ്പ് അച്ചന്റെയും നേതൃത്വത്തിൽ നമ്മുടെ ഇടവകയിലെ 10

അംഗങ്ങൾ ഇടവകയുടെ മിഷൻ ഫീൽഡ് ആയ ഉമാപതി മിഷൻ ഫീൽഡും ആന്ധ്ര പ്രാദേശിലുള്ള നന്ദ്യാൽ, ചഗലമാരി, നരസാപുരം എന്നീ മിഷൻ ഫീൽഡുകളും നന്ദ്യാൽ സ്നേഹ ജ്യോതി ഗേൾസ് ഹോസ്റ്റൽ, ചഗലമാരി ക്രിസ്ത്യൻ ഫെല്ലോഷിപ്പ് ഹോസ്പിറ്റൽ, തുടങ്ങിയ നിരവധി സ്ഥാപനങ്ങളും സന്ദർശിച്ചു. ഉമാപതിനഗർ സെഹിയോൻ മാർത്തോമ്മാ ഇടവകയിലും നല്ലഗാഡ്ല സെന്റ് ജോൺസ് മാർത്തോമ്മാ ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും ഈ പള്ളികളിൽ ബഹുമാനപ്പെട്ട കുരുവിള ഫിലിപ്പ് അച്ചന്റെ നേതൃത്വത്തിലും റവ. തോമസ് മാത്യു അച്ചന്റെയും ഇടവക വികാരി റവ ദിപിൻ കെ. ഡാനിയേൽ അച്ചന്റെയും സഹ നേതൃത്വത്തിലും തെലുങ്കിൽ ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നിർവ്വഹിച്ചു. ഭവനസന്ദർശന വേളകളിലും പള്ളിയിലെ ആരാധനയിലും മറ്റും സന്ദർശകസംഘത്തിന്റെ, കുരുവിള ഫിലിപ്പ് അച്ചൻ പരിശീലിപ്പിച്ച തെലുങ്കിലുള്ള ഗാനങ്ങൾ അവിടത്തെ വിശ്വാസ സമൂഹത്തിന് ഏറെ സ്വീകാര്യവും പ്രചോദനവും നൽകുന്നതും ആയിരുന്നു.

## ക്രിസ്തുമസ് കരോൾ സർവ്വീസ് :

ഡിസംബർ 23-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 6 മണിക്ക് ക്രിസ്തുമസ് കരോൾ സർവീസ് പള്ളിയിൽ നടന്നു, ഇടവക ഗായകസംഘത്തിന്റെ അതിമനോഹര ഗാനങ്ങളാൽ അനുഗ്രഹീതമായ ഗാനശുശ്രൂഷയിൽ മുഖ്യാതിഥി റവ. കെ.എം. മാത്യു ക്രിസ്തുമസ് സന്ദേശം നൽകി. സൺഡേസ്ക്കൂൾ കുട്ടികൾ ഒരു നല്ല സ്കിറ്റും അവതരിപ്പിച്ചു. യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ പള്ളിയും പരിസരവും മനോഹരമായി അലങ്കരിച്ചു.

## ജനനപ്പെരുന്നാൾ ശുശ്രൂഷ :

ഡിസംബർ 25-ാം തീയതി ബുധനാഴ്ച രാവിലെ 6.30 ന് ജനനപ്പെരുന്നാൾ ശുശ്രൂഷയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടന്നു. ഈ അവസരത്തിൽ കേരള യൂണിവേഴ്സിറ്റിയിൽ എം എ ഹ്യൂമൻ റിസോഴ്സ്സ് മാനേജ്മെന്റിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ നെല്ലിമൂട്ടിൽ കുമാരി സ്നേഹ മറിയം ജിജിയെ മൊമെന്റോ നൽകി അഭിനന്ദിച്ചു. ആരാധനാനന്തരം പ്രഭാതഭക്ഷണവും ക്രമീകരിച്ചിരുന്നു.

## വാച്ച് നൈറ്റ് സർവ്വീസ്:

ഡിസംബർ 31-ാം തീയതി ചൊവ്വാഴ്ച രാത്രി 10 മണിക്ക് വാച്ച് നൈറ്റ് സർവ്വീസ് ആരംഭിച്ചു. തുടർന്ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടന്നു. ഡോ. ജോർജ്ജ് ചെറിയാൻ വചന ശുശ്രൂഷ നിർവ്വഹിച്ചു.

## ആദരാഞ്ജലികൾ:

1. **താഴോൺ (സ്നേഹ ഭവൻ) ചിന്നമ്മ വർഗ്ഗീസ് (89)** 2024 നവംബർ 2 ന് നിര്യാതയായി.
2. **നെല്ലിമൂട്ടിൽ എൻ.പി.ചാക്കോ (90)** 2024 ഡിസംബർ 22 ന് നിര്യാതനായി
3. മഠത്തിലേട്ട് ശ്രീ ഈശോ മാത്യുവിന്റെ ഭാര്യ **കെ.ഐ.ഏലിയാമ്മ (84)** നിര്യാതയായി.

4. **മാത്തിലേട്ട് മേരി മാത്യു (92)** നിര്യാതയായി.

നിര്യാതരായ പ്രിയ ഇടവക അംഗത്തിന്റെ ദേഹവിയോഗത്തിൽ ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ ആദരാഞ്ജലികൾ.

## വിശുദ്ധ വിവാഹം:

1. വെട്ടോളിൽ ശ്രീ വി.എം. മത്തായിയുടെയും ശ്രീമതി എം. അന്നമ്മയുടെയും മകൻ **സിബിൻ വി. മാത്യുവും** കുന്നക്കുരുടി സെന്റ് ജോർജ്ജ് ഓർത്തോഡോക്സ് ഇടവകയിൽ ഓലിക്കൽ ശ്രീ പി. ജെ. പൗലോസിന്റെയും ശ്രീമതി ലിസി പൗലോസിന്റെയും മകൾ **റോഷിനി പോൾ ജോസഫും** തമ്മിലുള്ള വിശുദ്ധ വിവാഹം 2024 നവംബർ 2 ന് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.
2. മഠത്തിലേട്ട് ശ്രീ ജോൺ മാത്യുവിന്റെയും ശ്രീമതി ആനി ജോണിന്റെയും മകൻ **ജോയൽ ജോൺ മാത്യുവും** കവുങ്ങുംപ്രയാർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ ഒളശ്ശേരിമണ്ണിൽ ശ്രീ ചാക്കോ ഡേവിഡിന്റേയും ശ്രീമതി സുജ ചാക്കോ ഡേവിഡിന്റേയും മകൾ **ലെയ ആലിസ് ജേക്കബും** തമ്മിലുള്ള വിശുദ്ധ വിവാഹം 2024 ഡിസംബർ 30 ന് ഈ ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.

### സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

## വിശുദ്ധ മാമ്മോദീസ:

1. വളയിൽ സണ്ണി വില്ലയിൽ ശ്രീ സോണി ടി. സണ്ണിയുടെയും അൻസു ഏബ്രഹാമിന്റെയും മകൾ **Katelyn Mariayam Thomas** 2024 നവംബർ 3–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.
2. മൂൺ കോട്ടേജിൽ ശ്രീ ദീപക് ഏബ്രഹാം വർഗ്ഗീസിന്റെയും ശ്രീമതി മെൽബിൻ മരിയ ദീപകിന്റെയും മകൻ **Mivaan Varghese Deepak** 2024 നവംബർ 25–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.
3. നെല്ലിമൂട്ടിൽ മന്നത്ത് ശ്രീ. റെനൊ ജേക്കബ് ഫിലിപ്പിന്റെയും ശ്രീമതി റോഷിനി എൽസ മാത്യുവിന്റെയും മകൻ **Martin Reno Philip** 2024 ഡിസംബർ 28–ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.

ക്രിസ്തീയ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ച ഈ പൈതങ്ങൾ ദൈവാത്മാവിൽ വളരുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും കുഞ്ഞിനെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി ആശിക്കുകയും ചെയ്യുന്നു.

# ഇടവക അറിയിപ്പുകൾ

## നിരണം മാരാമൺ ഭദ്രാസന കൺവൻഷൻ:

2025 ജനുവരി 9 മുതൽ 12 വരെ ഈ വർഷത്തെ നിരണം മാരാമൺ ഭദ്രാസന കൺവൻഷൻ തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. കൺവൻഷൻ സമാപന ദിനമായ ജനുവരി 12-ാം തീയതി ഞായർ രാവിലെ 8 മണിക്ക് ഭദ്രാസനത്തിലെ എല്ലാ അച്ചന്മാരും ഇടവക ജനങ്ങളും ചേർന്നുള്ള വിശുദ്ധ കുർബ്ബാന തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെടുന്നതിനാൽ നമ്മുടെ പള്ളിയിൽ അന്ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതല്ല.

## ഇടവകസംഘ യോഗം:

2025 ഫെബ്രുവരി 2-ാം തീയതി ആരാധനാനന്തരം പള്ളിയിൽ വെച്ച് ഇടവക സംഘ യോഗം കൂടുന്നതും തദവസരത്തിൽ 2025-2026 വർഷത്തേക്കുള്ള ഇടവക ഭാരവാഹികളുടെയും കമ്മിറ്റി അംഗങ്ങളുടെയും തെരെഞ്ഞെടുപ്പ് നടത്തപ്പെടുന്നതാണ്. സംഘടനകളിൽ നിന്നുള്ള കമ്മറ്റി അംഗങ്ങളെ ഫെബ്രുവരി രണ്ടാം തീയതിക്ക് മുൻപ് തെരഞ്ഞെടുത്ത് അറിയിക്കേണ്ടതാണ്.

## 130-ാമത് മാരാമൺ കൺവൻഷൻ:

മാരാമൺ കൺവൻഷൻ ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച ആരംഭിക്കുകയും 16-ാം തീയതി ഞായറാഴ്ച സമാപിക്കുകയും ചെയ്യും. ഈ രണ്ടു ഞായറാഴ്ചകളിലും നമ്മുടെ പള്ളിയിൽ വിശുദ്ധ കുർബ്ബാന ശുശ്രൂഷകൾ ഉണ്ടായിരിക്കുന്നതല്ല.

## നോമ്പാചരണം:

പകുതിനോമ്പ് ആരംഭദിനമായ മാർച്ച് 26-ാം തീയതി, ബുധനാഴ്ച മുതൽ വൈകിട്ട് 6.30 ന് പള്ളിയിൽ വെച്ച് സന്ധ്യാനമസ്കാര ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

# സംഘടനാ വാർത്തകൾ

## ഇടവക മിഷൻ:

മാസത്തിന്റെ ഒന്നും രണ്ടും അഞ്ചും ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30ന് ഇടവക മിഷൻ മീറ്റിംഗ് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. മൂന്നാം ചൊവ്വാഴ്ച രാവിലെ 10 മണിക്ക് പെയിൻ ആൻഡ് പാലിയേറ്റീവിന്റെ ഭാഗമായി ഇടവകമിഷൻ അംഗങ്ങൾ പള്ളിയിൽ വരാൻ ബുദ്ധിമുട്ടുള്ള രോഗികൾ, വാർധികൃത്തിലായിരിക്കുന്നവർ എന്നിവരുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. സെന്റർ മീറ്റിംഗുകളും മറ്റും ഇല്ലാത്ത

എല്ലാ വെള്ളിയാഴ്ചകളിലും പള്ളിയിൽ വെച്ച് ഇടവകമിഷന്റെ നേതൃത്വത്തിൽ രാവിലെ 10.30 ന് ഉപവാസ പ്രാർത്ഥനയും നടത്തിവരുന്നു.

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്:

മാസത്തിന്റെ നാലാം ചൊവ്വാഴ്ച്ചകളിൽ വൈകിട്ട് 4.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തിവരുന്നു. തിരുവല്ല ഈസ്റ്റ് സെന്റർ സീനിയർ സിറ്റിസൺസ് ഫെൽലോഷിപ്പിന്റ ആഭിമുഖ്യത്തിൽ ഡിസംബർ 10–ാം തീയതി കിഴക്കൻമുത്തൂർ സെന്റ് പോൾസ് മാർത്തോമ്മാ പാരിഷ് ഹാളിൽ വെച്ച് നടന്ന ക്രിസ്തുമസ് കരോൾ പ്രോഗ്രാമിൽ നമ്മുടെ ശാഖയുടെ ഗായകസംഘം രണ്ട് ക്രിസ്തുമസ് ഗാനങ്ങൾ ആലപിച്ചു.

ജനുവരി – മാർച്ച് 2025 മാസങ്ങളിലെ മീറ്റിംഗ് താഴെ പറയുന്ന ഭവനത്തിൽ ക്രമീകരിച്ചിരിക്കുന്നു:

ജനുവരി 28 : കോളറേത്ത് ശ്രീ വർഗ്ഗീസ് മാത്യുവിന്റെ ഭവനത്തിൽ

ഫെബ്രുവരി 25 : നെല്ലിമൂട്ടിൽ ശ്രീ എൻ. പി. കുരുവിളയുടെ ഭവനത്തിൽ

മാർച്ച് 25 : നെല്ലിമൂട്ടിൽ ശ്രീ കുരുവിള.എൻ. കുരുവിളയുടെ ഭവനത്തിൽ

## സേവികാസംഘം:

സെന്റർ മീറ്റിംഗുകളും റിട്രീറ്റും ഇല്ലാത്ത ബുധനാഴ്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വെച്ചും മാസത്തിൽ ഒരു ബുധനാഴ്ച രാവിലെ 10.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ചും മീറ്റിംഗ് നടത്തപ്പെടുന്നു.

അടുത്ത മൂന്നു മാസങ്ങളിലെ കോട്ടേജ് മീറ്റിംഗുകൾ:

ജനുവരി 22 : നെല്ലിമൂട്ടിൽ പ്രൊഫ.ആലിസ് മാത്യുവിന്റെ ഭവനത്തിൽ

ഫെബ്രുവരി 26 : കണ്ണോത്ത് ശ്രീമതി ജോളി ചാക്കോയുടെ ഭവനത്തിൽ

മാർച്ച് 26 : മാങ്ങോട്ട് ശ്രീമതി അന്നമ്മ വർഗ്ഗീസിന്റെ ഭവനത്തിൽ

## ഗായകസംഘം:

ഞായറാഴ്ച ആരാധനയിലേക്കുള്ള ഗായകസംഘത്തിന്റെ ഗാന പരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 4.45 ന് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. പതിവുപോലെ ഈ വർഷവും ഡിസംബർ 23 –ാം തീയതി ഗായകസംഘത്തിന്റെ നേതൃത്വത്തിൽ നമ്മുടെ പള്ളിയിൽ കരോൾ സർവീസ് നടത്തി. ഇടവപ്പറമ്പിൽ ശ്രീ. സി. വർഗ്ഗീസ്, മുല്ലമംഗലത്ത് ശ്രീമതി അക്കാമ്മ കോശി, മങ്ങാട്ട് ശ്രീമതി

ബിനി സാംജി എന്നിവരുടെ മികവുറ്റ നേതൃത്വത്തിന്റെ കീഴിൽ നടന്ന ഏറെ നാളത്തെ പരിശീലനത്തിന്റെയും കഠിന പ്രയത്നത്തിന്റെയും ഫലമായി മനോഹരമായ ഗാനങ്ങളാൽ അനുഗ്രഹീതമായ ഒരു ഗാനസന്ധ്യ ഒരുക്കുവാൻ ഇടവക ഗായകസംഘത്തിനു കഴിഞ്ഞു.

## യുവജനസഖ്യം

ഞായറാഴ്ച ആരാധനാനന്തരം ഇടവകയുടെ മറ്റു മീറ്റിംഗുകൾ ഇല്ലാത്ത ദിവസങ്ങളിൽ ഇടവകയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു. ക്രിസ്തുമസ്/പുതുവത്സര ആഘോഷ സമയത്ത് പള്ളി അങ്കണവും പരിസരവും അലങ്കരിച്ച് വർണാഭമാക്കിയ യുവജനസഖ്യം ഏറെ പ്രശംസനീയമായ പങ്കാണ് വഹിച്ചത്. കൂടാതെ 70-ാമത് ഇടവകദിനത്തോട് അനുബന്ധിച്ച് ഒരു കീചെയിൻ റിലീസ് ചെയ്തു. ക്രിസ്തുമസിന് മുമ്പായി സ്റ്റാർ & ലൈറ്റ്സ് സെയിലും നടത്തി.

## സണ്ടേസ്കൂൾ

ഞായറാഴ്ച രാവിലെ 7.30 ന് ക്ളാസ്സുകൾ ആരംഭിക്കുന്നു. ജനുവരി 5 അധ്യാപകരുടെ പ്രതിഷ്ഠാ ശുശ്രൂഷ നടത്തപ്പെടുന്നതാണ്.

## യംഗ് വിമൻസ് ഫെല്ലോഷിപ്പ്:

എല്ലാ മാസത്തിന്റെയും നാലാം ഞായറാഴ്ച ഉച്ച കഴിഞ്ഞു മൂന്നു മണിക്ക് പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

| സഭാവിശേഷദിവസങ്ങൾ | | | |
|---|---|---|---|
| **മാസം** | **തീയതി** | **ദിവസം** | **വിശേഷങ്ങൾ** |
| ജനുവരി | 1 | ബുധൻ | നവവത്സര ദിനം |
| ജനുവരി | 5 | ഞായർ | ബാഹ്യകേരള മിഷൻ |
| ജനുവരി | 19 | ഞായർ | എക്യുമെനിക്കൽ ഞായർ |
| ജനുവരി | 26 | ഞായർ | ഭാരത റിപ്പബ്ലിക് ദിനം |
| ഫെബ്രുവരി | 2 | ഞായർ | മെഡിക്കൽ മിഷൻ ഞായർ |
| ഫെബ്രുവരി | 9 | ഞായർ | 130-)മത് മാരാമൺ കൺവൻഷൻ ആരംഭം |
| ഫെബ്രുവരി | 10 | തിങ്കൾ | മൂന്ന് നോമ്പ് ആരംഭം |
| ഫെബ്രുവരി | 13 | വ്യാഴം | മൂന്ന് നോമ്പ് വീടൽ |
| ഫെബ്രുവരി | 16 | ഞായർ | 130-)മത് മാരാമൺ കൺവൻഷൻ സമാപനം |
| മാർച്ച് | 2 | ഞായർ | വലിയ നോമ്പ് ആരംഭം |
| മാർച്ച് | 7 | വെള്ളി | അഖിലലോക വനിതാ പ്രാർത്ഥനാദിനം |
| മാർച്ച് | 26 | ബുധൻ | പകുതി നോമ്പ് |

## ബൈബിൾ ക്വിസ് - 1 പത്രോസ് 3,4,5

1. ആര് ആർക്ക് കീഴടങ്ങി ഇരിക്കേണം ?
2. കുടുംബത്തിൽ ഭാര്യക്ക് എങ്ങനെ തിരുത്തൽ ശക്തി ആകാം ?
3. സ്ത്രീയുടെ ശരിയായ അലങ്കാരം എന്തായിരിക്കണം ?
4. വിശുദ്ധ സ്ത്രീകളിൽ ഒരുവളായ സാറയുടെ മാതൃക എന്ത് ?
5. ഭർത്താവ് കുടുംബജീവിതത്തിൽ ഭാര്യയോടുള്ള പെരുമാറ്റത്തിൽ അറിഞ്ഞിരിക്കേണ്ട നാല് കാര്യങ്ങൾ ഏവ?
6. ബന്ധങ്ങളിൽ പാലിക്കേണ്ട ഗുണഗണങ്ങൾ ഏവ ?
7. ജീവനും ശുഭകാലവും ആഗ്രഹിക്കുന്നവൻ എന്ത് ചെയ്യേണം ?
8. കർത്താവിന്റെ .................................................. മേലും അവന്റെ ..........................അവരുടെ ...............................തുറന്നിരിക്കുന്നു.
9. ..........................കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ .........................
10. ക്രിസ്തുവിനെ നിങ്ങളുടെ............................................വിശുദ്ധീകരിപ്പിൻ.
11. ലോകജനത നമ്മോട് ന്യായം ചോദിക്കുന്നത് എന്തിനെക്കുറിച്ചാണ് ?
12. ക്രിസ്തുപ്രത്യാശയെ ചോദ്യം ചെയ്യുന്നവരെ എങ്ങനെ നേരിടണം ?
13. നമ്മെ പഴിക്കുകയും ദുഷിക്കയും ചെയ്യുന്നവരുടെ മുമ്പാകെ എങ്ങനെ ജീവിക്കണം ?
14. സ്നാനത്തിന് പത്രോസ് നൽകുന്ന വ്യാഖാനം എന്താണ്?
15. "എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു'. എന്തു ചെയ്യണം?
16. ദൈവത്തിൽ നിന്നു ലഭിച്ച കൃപാവരം എങ്ങനെ ഉപയോഗിക്കണം?
17. അദ്ധ്യക്ഷന്മാർ ദുരാഗ്രഹത്തോടെ ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവർ ആകരുത്. പിന്നെ എങ്ങനെ വേണം?
18. തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കുന്നത് എപ്പോൾ?
19. സഭാ ജനങ്ങളുടെ പരസ്പര ബന്ധം എങ്ങനെ ആയിരിക്കേണം?
20. പത്രോസ് തന്റെ ഒന്നാം ലേഖനം എഴുതിയപ്പോൾ തന്നോടൊപ്പം ഉണ്ടായിരുന്ന സഹശുശ്രൂഷകന്മാർ ആരെല്ലാം?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2025 ഫെബ്രുവരി 28**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ (പത്രോസ് എഴുതിയ ഒന്നാം ലേഖനം)

1. അപ്പോസ്തലൻ; പൊന്തൊസിലും , ഗലാത്യയിലും, കപ്പദൊക്യയിലും ആസ്യയിലും ബിഥുന്യയിലും ഉള്ള വൃതന്മാർക്കു (1:1)
2. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും, ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതും (1:4,5)
3. തീയിൽ ശോധന കഴിക്കുന്ന പൊന്നിനേക്കാൾ (1:7)
4. യേശുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ (1:13)
5. 1:14
6. 1:18
7. ലോകസ്ഥാപനത്തിനു മുമ്പെ മുന്നറിയപ്പെട്ടവനും, ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും (1:20)
8. നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ വെച്ചുകൊള്ളേണ്ടതിനു (1:21)
9. ജനനം കെടുന്ന ബീജത്താൽ വീണ്ടുജനനം – കെടാത്തതിനാൽ ജീവനുള്ളതും നില നിൽക്കുന്നതുമായ ദൈവവചനത്താൽ (1:23)
10. ക്രിസ്തു – ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ല്. നാം – ജീവനുള്ള കല്ലുകൾ (2:4,5)
11. (മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്കൽപാറയും ആയിത്തീർന്നു) വചനം അനുസരിക്കായ്കയാൽ ഇടറിപ്പോകുന്നു. (2:8)
12. 2:9
13. നിങ്ങളുടെ പ്രവർത്തി നല്ലതാകുക, നടപ്പുനന്നായിരിക്കേണം (2:11,12)
14. 2:16
15. 2:19
16. നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ പ്രസാദം . കുറ്റം ചെയ്തിട്ട് കഷ്ടം സഹിച്ചാൽ യശ്ശസ്സില്ല (2:19,20)
17. പാപം ചെയ്തിട്ടില്ല, വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല , ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീക്ഷണം പറയാതെയും ന്യായമായി വിധിക്കുന്ന വങ്കൽ കാര്യം ഭരമേൽപ്പിക്കയത്രേ ചെയ്തത്. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. (2:22,23,24)
18. 2:23
19. സൗന്ദര്യം പുറമെ ഉള്ളതല്ല (തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെ ഉള്ളതല്ല) (3:3) സൗമ്യതയും സാവധാനതയുമുള്ള മനസ്സ്(3:4)
20. 3:7

**ബൈബിൾ ക്വിസ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ**

1. ശ്രീമതി എല്സി കോശി, കണ്ണോത്ത് 2. ശ്രീമതി മറിയാമ്മ കുരുവിള, നെല്ലിമൂട്ടിൽ

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് , 4.00 പി.എം. | രണ്ടാം ഗ്രൂപ്പ്, 3.00 പി.എം. | മൂന്നാം ഗ്രൂപ്പ്, 4.00 പി.എം. |
|---|---|---|---|
| 05.01.2025 | | ജോൺ വർഗ്ഗീസ്, മാങ്ങോട്ട് | |
| 12.01.2025 | **നിരണം മാരാമൺ ഭദ്രാസന കൺവൻഷൻ സമാപനം** | | |
| | സൂസൻ മാത്യു, പറപ്പള്ളിൽ | ഷിബു തോമസ്, കണ്ണോത്ത് | |
| 19.01.2025 | കോശി ബാബു, മങ്ങാട്ട് | കെ.വി. തോമസ്, കണ്ണോത്ത് - കാക്കത്തുരുത്ത് | അമ്മിണി കുര്യൻ, കിഴക്കേതിൽ |
| 26.01.2025 | **സംയുക്ത പ്രാർത്ഥന – ഒന്നാം ഗ്രൂപ്പ്** | | |
| 02.02.2025 | | കോശി മാത്യു, മഠത്തിലേട്ട് | ജോർജ്ജ് വി. തോമസ്, വാനേത്ത് |
| 09.02.2025 | **130 – ാമത് മാരാമൺ കൺവൻഷൻ ആരംഭം** | | |
| 16.02.2025 | **130 – ാമത് മാരാമൺ കൺവൻഷൻ സമാപനം** | | |
| 23.02.2025 | **സംയുക്ത പ്രാർത്ഥന – രണ്ടാം ഗ്രൂപ്പ്** | | |
| 02.03.2025 | ചിന്നമ്മ തോമസ്, ഞാലിലേട്ട് | അജു വർഗ്ഗീസ്, നൂറാംപ്ലാക്കൽ - കൊമ്പാടി | എൻ.പി. ശാമുവേൽ, നെല്ലിമൂട്ടിൽ |
| 09.03.2025 | എം.കെ. ഫിലിപ്പ്, മഠത്തിലേട്ട് | വർഗ്ഗീസ് ഈപ്പൻ, പ്ലാപ്പറ | മറിയാമ്മ തോമസ്, ബെൻസൺ വില്ല |
| 16.03.2025 | പ്രൊഫ. സാംജി തോമസ്, മങ്ങാട്ട് | തങ്കമ്മ തോമസ്, വളയിൽ | അച്ചാമ്മ ജോസഫ്, കിഴക്കേതിൽ |
| 23.03.2025 | **സംയുക്ത പ്രാർത്ഥന – മൂന്നാം ഗ്രൂപ്പ്**<br>**തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത്** | | |
| 30. 03.2025 | **പകുതി നോമ്പ് ആരാധന** | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2025 ഏപ്രിൽ-മെയ്-ജൂൺ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും മാർച്ച് 15-ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയോ സെക്രട്ടറിയെയോ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയോ സെക്രട്ടറിയെയോ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേ സ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| 1,2,5 – ാം ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 3 – ാം ചൊവ്വ രാവിലെ 10.00 | പെയിൻ & പാലിയേറ്റീവ് ഭവനസന്ദർശനം |
| 4 – ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 4 – ാം ഞായർ വൈകിട്ട് 3.00 | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| ശനി വൈകിട്ട് 4.45 | ഗായകസംഘ ഗാനപരിശീലനം |




RED Media | 9495 151222